സി. സ്വാഗതപ്രസംഗം ചെയ്തു. ജ: സെക്രട്ടർ ബഹുമതിതരും, ഹാജി സി എച്ച്. മുഹമ്മദ്കോയ എം. പി എന്നിവർ പ്രസംഗിച്ചു.

കോഴിക്കോട്ടെ നഗരവികസനയോഗം 18 ാം തീയതി ഞായറാഴ്ച

കോഴിക്കോട്, ആഗ :10-കോഴിക്കോട് നഗരവികസനത്തെ സംബന്ധിച്ചുള്ള ആലോചനയ്ക്കായി 18-8 63 തീയതി ഞായറാഴ്ച ഉച്ചയ്ക്ക് ഒരു വിശിഷ്ടയോഗം ചേരുമെന്നു ലിബിയയിലെ രാജകീയസർവ്വീസിലെ റിക്രൂട്ടിംഗ് ഓഫീസറായ ജനാബ് സയ്യിദ് ഇബ്രാഹിം തങ്ങൾ എം.എസ്.എ അറിയിക്കുന്നു. അന്നു കാലത്ത് 10 മണിക്കായിരിക്കും പ്രസംഗമത്സരം നടത്തപ്പെടുക. മത്സരവും യോഗവും സൗത്ത് ബീച്ച് റോഡിലെ ഹിമായത്തുൽ ഇസ്ലാം സഭാഹാളിൽ വെച്ചാണ് നടക്കുക.

ഇമ്പിച്ചിക്കോയ തങ്ങൾക്ക് സ്വീകരണം

ഇരിങ്ങാലൂർ, ആഗ: 9-തലക്കടത്തൂർ മുഅല്ലിം പള്ളിയിലെ മുൻ മുദരിസും കൊല്ലംമ്പ് ഇസ്ലാഹ് തിലെ അൽജംഇയ്യത്തുൽ സർവ്വകലാശാലയിലേക്ക് ഉപരിപഠനത്തിനുവേണ്ടി പോയ ദേഹവും ഇപ്പോൾ ലിബിയയിലെ രാജകീയഅറബി കോളേജിലെ പ്രൊഫസറുമായ അൽഹാജ് സയ്യിദ് അബ്ദുറഹിമാൻ ഇമ്പിച്ചിക്കോയതങ്ങൾ രണ്ടാഴ്ചത്തെ അവധിക്കു നാട്ടിലെത്തിയിരിക്കുകയാണല്ലോ. ഇന്നലെ വൈകുന്നേരം തലക്കടത്തൂരിൽ വെച്ച് അദ്ദേഹത്തിന് ഒരു സ്വീകരണം നൽകി. സ്ഥലം മാസി ജ: പി ബീരാൻകുട്ടിഹാജി ഹാരാർപ്പണം ചെയ്തുകയും, പി ടി. കുഞ്ഞിമുഹമ്മദ് സ്വാഗതം പറയുകയുംചെയ്തു.

ഇസ്ലാഹ് തിൽ നാല്പതുവർഷം മുമ്പ് പഠിക്കുന്ന അറബികളല്ലാത്ത വിദ്യാർത്ഥികളെ വിദേശത്തും പല സ്ഥലങ്ങളിലും കണ്ടുമുട്ടാറുണ്ടെന്നും, ഇവരിൽ സുന്നി, ഷിയാ എന്നീ രണ്ടു വിഭാഗങ്ങളുണ്ടെങ്കിലും സുന്നികളിൽ അനറബികളായ അധികപേരും ശാഫി മദ്ഹബുകാരാണെന്നും മറുപടി പ്രസംഗത്തിൽ തങ്ങൾ പറഞ്ഞു.

ഒ ലേ

ഉക്കിണേന്ത്യൻ മേയർ